മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞപ്പോൾ രണ്ടാം ക്ലാസ് മജിസ്ട്രേട്ടുകോടതിയിൽ ക്രോസ് വിസ്താരം നടത്തുന്നതുപോലെ എന്നു പറഞ്ഞതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾക്ക് അതൃപ്തിയുണ്ട്.

ശ്രീ. കെ. എം. ജോർജ്: സർ, എന്റെ മറുപടി പൂർത്തിയാക്കിയിട്ടില്ല. സർ, ഞാൻ പറയാത്തതിനെ പറഞ്ഞ്, പറഞ്ഞു, പറഞ്ഞു, എന്നു വീണ്ടും വീണ്ടും പറയുന്നതു കേട്ടപ്പോഴാണ് ഞാൻപറഞ്ഞത് രണ്ടാംക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ സാക്ഷികളെ വിസ്തരിക്കുന്നതുപോലെയെന്ന്. അതിനെപ്പറ്റി അഭിഭാഷകൻമാർക്കെല്ലാം അറിയാവുന്നതാണ്. അങ്ങിനെ പറയുന്നത് ശരിയല്ലെന്ന് സൂചിപ്പിച്ചതാണ്.

ഈ പറയുന്നതുപോലെ യൂണിവേഴ്സിറ്റി വൈസ്ചാൻസലർ മാർക്ക് വരുത്തി പരിശോധിച്ചതിൽ യാതൊരു അപാകതയും നടന്നിട്ടില്ലെന്നു പറയുന്നു. ഇനിയും വരുത്തി പരിശോധിക്കണമെന്ന് പറയുന്നതിനു യാതൊരു അർത്ഥവുമില്ല.

(കമ്മ്യൂണിസ്റ്റു പാർട്ടിയിൽപ്പെട്ട മെമ്പറൻമാർ മന്ത്രി പറഞ്ഞത് പിൻവലിക്കണം, പിൻവലിക്കണം എന്ന് വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.)

മി. സ്പീക്കർ: രണ്ടാംക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ വിസ്തരിക്കുന്നതുപോലെ എന്നു പറഞ്ഞതിൽ ചില ബഹുമാനപ്പെട്ട മെമ്പർമാർക്ക് അതൃപ്തിയുണ്ടായി.

ശ്രീമതി കെ. ആർ. ഗൗരി: ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നത് മന്ത്രിമാരാരും കേൾക്കണ്ടായെന്നും എം. എൽ. എ. മാർ മാത്രം കേട്ടാൽ മതിയെന്നും ആണോ?

മി. സ്പീക്കർ: ചോദ്യങ്ങളും ചോദിക്കുമ്പോഴും ഇത്തരത്തിലുള്ള മറുപടികളും പറയരുതെന്നാണ് എനിക്ക് പറയുവാനുള്ളത്. അല്ലാതെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പിൻവലിക്കണമെന്ന് ഞാൻ പറഞ്ഞില്ല. This will go in to record. That is enough for the present.

ശ്രീ. കെ. ഐ. രാജൻ: സർ, മന്ത്രി ഓരോ കാര്യങ്ങളും പറഞ്ഞു വാക്കുകളും കൊണ്ട് ഞങ്ങളെ കളിയാക്കുന്നതുപോലെ ഞങ്ങൾക്കും അങ്ങോട്ടു കളിയാക്കാനറിയാം. ഞങ്ങൾക്കും വാക്കിനു യാതൊരു ദൗർലഭ്യവുമില്ല.

മി. സ്പീക്കർ: ഓർഡർ, ഓർഡർ ചോദ്യം നമ്പർ 395.

കുടുംബാസൂത്രണപദ്ധതി

* 111. [395] ശ്രീ. ടി. എം. മീതിയൻ:
,, വി. ശ്രീധരൻ:
,, സി. കെ. ബാലകൃഷ്ണൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, മുസ്തഫാ കെമാൽ:
,, ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ കുടുംബാസൂത്രണപദ്ധതി നിരുൽസാഹപ്പെടുത്തുന്നതിനുള്ള ഒരു നീക്കം ആരോഗ്യവകുപ്പ് കൈക്കൊണ്ടിട്ടുണ്ടെന്നറിയുന്നത് ശരിയാണോ;

(ബി) ആണെങ്കിൽ ഇതിനു കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും ഗതാഗതവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. എം. മീതിയൻ: കുടുംബാസൂത്രണത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സമുദായത്തിൽപ്പെട്ട മേലദ്ധ്യക്ഷൻ കുടുംബാസൂത്രണം നിർബന്ധമായി നടപ്പാക്കുന്നത് ശരിയല്ലെന്നു പ്രഖ്യാപിച്ചിരിക്കേ ഒരു മതവിശ്വാസിയായ അങ്ങേക്ക് കുടുംബാസൂത്രണ പദ്ധതി നല്ല രീതിയിൽ നടപ്പാക്കാൻ കഴിയുമെന്നു കരുതുന്നുണ്ടോ? അതേ സംബന്ധിച്ച് അങ്ങയുടെ വ്യക്തിപരമായ അഭിപ്രായമെന്താണ്?

മി. സ്പീക്കർ: വ്യക്തിപരമായ അഭിപ്രായം ഇവിടെ പ്രസക്തമല്ല.

ശ്രീ. കെ. എം. ജോർജ്: മതപരമായ കാരണങ്ങളാൽ കുടുംബാസൂത്രണ പദ്ധതിക്ക് ഞാൻ വിശ്വസിക്കുന്ന മതം എതിരാണെന്നു മീതിയൻ പറഞ്ഞത് അടിസ്ഥാനരഹിതമാണ്. ക്രൈസ്തവമതത്തെപ്പോലെ, വിശേഷിച്ചും കത്തോലിക്കാ മതത്തെപ്പോലെ കുടുംബാസൂത്രണത്തെ മാനിക്കുകയും പൂജിക്കുകയും ചെയ്യുന്ന യാതൊരു മതവിഭാഗവും ലോകത്തിലില്ല. ഒരു തെറ്റിദ്ധാരണ കൊണ്ടാണ് അദ്ദേഹം ഈ ചോദ്യം ചോദിച്ചതെന്നു തോന്നുന്നു. ഈ ഗവൺമെന്റു അധികാരത്തിൽ വന്നതിനുശേഷം കുടുംബാസൂത്രണം ഏതു കാലഘട്ടത്തേക്കാളും ഊർജ്ജിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് മതപരമായ വിശ്വാസം യാതൊരു തടസ്സവുമായി നിന്നിട്ടില്ല.

ശ്രീ. മുസ്തഫാ കെമാൽ: ഈ ഗവൺമെന്റ് മുൻ ഗവൺമെന്റിന്റെ നയംതന്നെയാണ് തുടർന്നുവരുന്നതെന്നു പറയുകയുണ്ടായി. മുൻ ആരോഗ്യ മന്ത്രി കുടുംബാസൂത്രണത്തെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രചരണങ്ങളും ഈ സംസ്ഥാനത്ത് നടത്തുകയുണ്ടായി. അതുപോലുള്ള പ്രചരണം ഈ മൂന്നുമാസക്കാലത്തിനകത്ത് ഉണ്ടാകാത്തതുകൊണ്ട് അതൊന്നുകൂടി ഊർജ്ജിതപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ?

ശ്രീ. കെ. എം. ജോർജ്: മുൻ ആരോഗ്യമന്ത്രി കാൽനടയായും കുതിരപ്പുറത്തും പരിപാടികളും നടത്തിയിരുന്നു. അദ്ദേഹത്തെപ്പോലെ പരിപാടികളും നടത്താനുള്ള യോഗ്യത എനിക്ക് ഉണ്ടെന്നു തോന്നുന്നില്ല. എല്ലാ കാര്യങ്ങളിലും മുൻഗവൺമെന്റിന്റെ തുടർച്ചയാണെന്നു അവകാശപ്പെടുന്നില്ല. നല്ല കാര്യങ്ങളിൽ തുടർച്ചയായി പ്രവർത്തിക്കുന്നുണ്ട്. കുടുംബാസൂത്രണ പദ്ധതിയെ സംബന്ധിച്ചിടത്തോളം ഇൻഡ്യാഗവൺമെന്റിന്റെ സംവിധാനമനുസരിച്ച് ആ കാര്യത്തിൽ കേരളസംസ്ഥാനം ഒന്നാംസ്ഥാനം വച്ചു പ്രവർത്തിക്കുന്നുണ്ട്. ആ റിക്കാർഡ്കീപ്പപ്പ് ചെയ്യാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: കേരളാ കാൺഗ്രസും മുസ്ലീംലീഗും ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള കുടുംബാസൂത്രണ പദ്ധതിയെ തത്വത്തിൽ എതിർത്തിട്ടില്ലേ?

ശ്രീ. കെ. എം. ജോർജ്: ആ പറയുന്നത് ശരിയല്ല. കുടുംബാസൂത്രണ പദ്ധതിയെ സംബന്ധിച്ചിടത്തോളം മുസ്ലീംസമുദായമോ, കേരളാ കാൺഗ്രസോ, ക്രൈസ്തവസമുദായമോ 'as such' എതിർക്കുന്നു എന്നു പറയുന്നത് ശരിയല്ല. ഗാന്ധിജി പറഞ്ഞിട്ടുള്ളതുപോലെ മീൻസിനെ സംബന്ധിച്ചിടത്തോളം പല വിഭാഗക്കാർക്കും പല അഭിപ്രായങ്ങളുണ്ട്. സ്വാസ്ഥ്യകരത്തിന്റെ അളവുകോൽവച്ചു നോക്കുമ്പോൾ ശരി ഏതെന്നുള്ളതിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസം ഉണ്ടാകാറുണ്ട്. കുടുംബാസൂത്രണത്തെ സംബന്ധിച്ചിടത്തോളം അഭിപ്രായവ്യത്യാസം ഒരു സമുദായത്തിനുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ നാട്ടിലെ പ്രബലസമുദായങ്ങളായ കത്തോലിക്കരും, മുസ്ലീങ്ങളും ഈ ഏർപ്പാടിനെ എതിർക്കുകയും, അതേ യവസരത്തിൽ കുറച്ച് സമുദായങ്ങൾ കുടുംബാസൂത്രണത്തിന് വിധേയ രാകുകയും ചെയ്യുന്ന സ്ഥിതിക്ക് ഇന്ന് നിലവിലുള്ള സമുദായങ്ങളുടെ അനു പാതക്രമം ഭയങ്കരമായി മാറാൻ ഇടയില്ലേ?

ശ്രീ. കെ. എം. ജോർജ്: ഇത് കുടുംബാസൂത്രണത്തിനെതിരായിട്ടുള്ള ശക്തിയായ എതിർ പ്രചരണമാണ്. അങ്ങനെ പ്രചരണം നടത്തുന്ന മെമ്പർ ഈ കാര്യത്തിൽ നല്ല ആദർശം വച്ചുകൊണ്ട് പ്രവർത്തി ചെയ്യുന്നതിന് കടകവിരുദ്ധമായി പറയുകയും ചെയ്യുന്നത് വിരോധാഭാസമാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കത്തോലിക്കാ സമുദായങ്ങളിലെ മിക്ക കുടുംബങ്ങളിൽനിന്നും അനേകം അവിവാഹിതരായ പുരുഷൻമാർ കത്തനാരൻ മാരായും, അനേകം അവിവാഹിതരായ സ്ത്രീകൾ നിത്യ കന്യകകളായും പോകുന്നതിന്റെ ഫലമായി വലിയ തോതിലുള്ള കുടുംബാസൂത്രണം ആ സമു ദായത്തിൽപ്പെട്ട വീടുകളിൽ നടക്കുന്നില്ലേ?

ശ്രീ. കെ. എം. ജോർജ്: അപ്രകാരം നടക്കുന്നുണ്ടെന്നുള്ളതിനു പുറമേ, എന്നെപ്പറ്റി പറഞ്ഞാൽ എന്റെ ഏക സഹോദരിപോലും കന്യകാമഠ ത്തിലാണ്. അതിനുപുറമേ കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം മാർപ്പാപ്പാ പോലും ആറാമൻ തിരുമേനി തന്റെ ചാക്രികലേഖനത്തിൽ ഈ സംഗ തിയെ സംബന്ധിച്ച് യാതൊരു സംശയത്തിനും ഇടനൽകാത്തവണ്ണം വ്യക്ത മാക്കിയിട്ടുണ്ട്. കുടുംബാസൂത്രണത്തിന് ഒരു മതവും എതിരല്ലെന്നും, അതിനുള്ള മാർഗ്ഗങ്ങൾ പരിശുദ്ധമായിരിക്കണമെന്നുമുള്ള വസ്തുത കണക്കിലെടുക്കുമ്പോൾ കത്തോലിക്കാ സമുദായം ഇതിനെതിരാണെന്നു പറ യാൻ സാദ്ധ്യമല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എന്റെ കുടുംബത്തിൽനിന്ന് മൂന്നു സഹോ ദരിമാരും, മകളും കന്യാസ്ത്രീകളായിട്ട് പോയിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. എം. ജോർജ്: അറിയാം.

ശ്രീമതി കെ. ആർ. ഗൗരി: കുടുംബാസൂത്രണത്തിന് പല പരിപാടി കളുമുണ്ട്. ആ പരിപാടികൾ നടത്തുന്നതിന് എതിരായിട്ട് നിൽക്കുന്ന പല ഡാക്ടർമാരും ഇന്നു സർവ്വീസിലുണ്ട്. അവരെ ആരെയെങ്കിലും ഇതിന്റെ മേധാവിയായിട്ട് വച്ചിട്ടുണ്ടോ? ആപ്പറേഷൻ ചെയ്തുകൊടുക്കുകയില്ലെന്നു പറയുന്ന ആളുകളെയാരെയെങ്കിലും ഈ ഫാമിലി പ്ലാനിംഗ് പ്രോഗ്രാമിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ആരും അങ്ങനെ ഓപ്പറേഷൻ ചെയ്യുകയില്ല, അല്ലെങ്കിൽ കുടുംബാസൂത്രണ പരിപാടികൾ നടപ്പാക്കുകയില്ലെന്നു അറിയിച്ചി ട്ടില്ല. ചില സമുദായത്തിൽപ്പെട്ടവരെ നിർബന്ധിച്ച് ഓപ്പറേഷൻ ചെയ്യുക യില്ലെന്നുള്ളതൊഴിച്ചാൽ ഉൽസാഹമായി പ്രവർത്തിക്കുന്ന ഡാക്ടർമാരെയാണ് എല്ലാ തലങ്ങളിലും നിയോഗിച്ചിട്ടുള്ളത്. അവർ ഈ പരിപാടികൾ അവിചിന്നമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

ശ്രീ. എം. രാമണ്ണി: കുടുംബാസൂത്രണം ഈ കാലഘട്ടത്തിന്റെ അനിവാര്യമായ ബാധ്യതയായിത്തീർന്നതുകൊണ്ട് ഈ കുടുംബാസൂത്രണ പ്രചരണം നമ്മുടെ യൂണിവേഴ്സിറ്റികളിൽക്കൂടി വ്യാപിപ്പിക്കുവാൻ ആവ ശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: ഈ കാലഘട്ടത്തിന്റെ ഒരു ആവശ്യമാണെന്നുള്ളതിനെ ഞാനും സമ്മതിക്കുന്നു. പക്ഷേ നമ്മുടെ സ്ക്കൂളുകളിലും കോളേജുകളിലും അവ വിടുമ്പോഴും കുട്ടികളും പോകുന്ന അവസരത്തിൽ മീൻപിടിക്കാൻ കൂടുവയ്ക്കുന്നതുപോലെ ഈ പരിപാടിയുമായി നടക്കണമെന്നു പറയുന്നത് ശരിയാണെന്നു തോന്നുന്നില്ല. നമ്മുടെ ധാർമ്മിക നിലവാരം പുലർത്തുന്നതിന് അതല്ല ആവശ്യം. അതുനടത്തേണ്ട സ്ഥലത്തു നടത്തേണ്ടതുപോലെ നടത്തണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. എം. രാമുണ്ണി: അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ കുടുംബാസൂത്രണ പരിപാടി നടപ്പിലാക്കുന്നു എന്നുള്ള പ്രചരണം കേൾക്കുന്നതുകൊണ്ടാണ് ഞാൻ മന്ത്രിയോടു ചോദിച്ചിട്ടുള്ളത്. അതുകൊണ്ട് അതിനാവശ്യമായ നടപടിസ്വീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്: അമേരിക്കയുടെ പുരോഗതിയോടൊപ്പം കേരളം എത്തിക്കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട രാമുണ്ണി ആ നിലയിൽ എത്തിയെങ്കിലും ഗവൺമെന്റു ആ നിലയിലെത്തിയിട്ടില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇൻഡ്യൻ അസംബ്ളി ഓഫ് യൂത്തിന്റെ ആഭിമുഖ്യത്തിൽ നാലു ദിവസം മുൻപു നടന്ന ഒരു സമ്മേളനത്തിൽ ബഹുമാനപ്പെട്ട റവന്യൂമന്ത്രിതന്നെ കുടുംബാസൂത്രണത്തിനു വിധേയനായി എന്നു പരസ്യപ്രസ്താവന ചെയ്തതുതന്നെ ഏറ്റവും നല്ല ഒരു കുടുംബാസൂത്രണ പ്രചരണമാണെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയും ആ മാതൃക അനുസരിച്ചു ചെയ്യാൻ ശ്രമിക്കുമോ?

ശ്രീ. കെ. എം. ജോർജ്: സർ, ഞാൻ നുണ പറയാൻ ഉദ്ദേശിക്കുന്നില്ല. എന്റെ സഹപ്രവർത്തകൻ സത്യസന്ധതയുള്ള ആളായതുകൊണ്ടാണ് സത്യം പറഞ്ഞത്. ഞാൻ സത്യസന്ധതയുള്ള ആളായതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്.

ശ്രീ. ബി. മാധവൻനായർ: മുൻഗവൺമെന്റ് സ്വീകരിച്ചിരുന്ന തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളെന്തന്നെ ഈ ഗവൺമെന്റും ചെയ്തുവരികയാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുടുംബാസൂത്രണപരിപാടി സ്വീകരിച്ചിട്ടുള്ളത് അദ്ധ്വാനിക്കുന്ന തൊഴിലാളി വിഭാഗമാണ്. അതുകൊണ്ട് ആ വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്ന ട്രേഡ്യൂണിയൻ സംഘടനകളും ഈ പ്രവർത്തനത്തിൽ പങ്കാളിത്തം വഹിക്കുന്നതിനും ട്രേഡ്യൂണിയനുകളും വഴി കുടുംബാസൂത്രണ പ്രചരണം നടത്തുന്നതിനും കേന്ദ്രഗവൺമെന്റിൽനിന്നും സഹായം ലഭിക്കുന്നതിന് ഈ ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്: സർ, അതാലോചിക്കാം. അങ്ങനെയുള്ള കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിന് എല്ലാ പ്രോൽസാഹനവും നൽകും.

ശ്രീ. എം. എം. തോമസ്: കുടുംബാസൂത്രണത്തിന് കടുക്ക നല്ലതാണെന്നാണ് ആയുർവ്വേദ വൈദ്യൻമാർ പറയുന്നത്. അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; അന്വേഷിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട സ്നേഹിതൻ കടുക്കയുടെ കാര്യം കഴിഞ്ഞ രണ്ടരക്കൊല്ലമായി പറയുന്നതാണ്. എന്നാൽ മുൻ ആരോഗ്യമന്ത്രി അതു പരിഗണിച്ചിട്ടുള്ളതായി റിക്കാർഡുകളിൽ കാണുന്നില്ല. വീണ്ടും പറയുന്നതുകൊണ്ട് കടുക്കയെപ്പറ്റി വേണ്ടത് അന്വേഷിക്കാം സർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എസ്. എൻ. നമ്പീശൻ: മാർപ്പാപ്പായുടെ ചാക്രിക ലേഖനത്തിൽ കുടുംബാസൂത്രണത്തിനു പരിശുദ്ധമായ മാർഗ്ഗങ്ങളും സ്വീകരിക്കാമെന്നു പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞു. പരിശുദ്ധമായ മാർഗ്ഗങ്ങളിൽ വാസക്ടമി, ബി.പി.സി. നിരോധ് തുടങ്ങിയ ഗവൺമെൻറ് നടപ്പിലാക്കുന്ന നടപടികളും ഉൾപ്പെടുമോ; അതെല്ലാം പരിശുദ്ധമല്ലാത്ത മാർഗ്ഗങ്ങളായി കരുതുന്നുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ചാക്രികലേഖനത്തെപ്പറ്റി.....

ശ്രീ. എം. എം. തോമസ്: സർ, പോയിൻറ് ഒഫ് ഓർഡർ.

മി. സ്പീക്കർ: ചോദ്യസമയത്ത് പോയിൻറ് ഒഫ് ഓർഡറില്ല.

ശ്രീ. കെ. എം. ജോർജ്: ചാക്രികലേഖനത്തെപ്പറ്റി ചുരുക്കിപ്പറഞ്ഞാൽ മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളതായ ആ ആശയവും ആ വാക്കുകളും തന്നെയാണ് ചാക്രികലേഖനത്തിൽ വന്നിട്ടുള്ളതെന്നു പറഞ്ഞാൽ ഇൻഡ്യാക്കാർക്കു മനസ്സിലാകുമെന്നു വിശ്വസിക്കുന്നു.

തൊഴിൽത്തർക്കങ്ങൾ

* 112. [396] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രധാന തൊഴിൽ തർക്കങ്ങളിൽ ഇടപെട്ടിട്ടുണ്ട്;

(ബി) അവയിൽ എത്രയെണ്ണം പരിഹരിച്ചു;

(സി) അവ ഏതെല്ലാം;

(ഡി) ശേഷിക്കുന്നവ ഏത്?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) 179 പ്രധാന തൊഴിൽത്തർക്കങ്ങളിൽ ഇടപെട്ടിട്ടുണ്ട്; 1–11–69 മുതൽ 15–1–70 വരെ.

(ബി) 150

(സി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ശേഷിക്കുന്ന തൊഴിൽത്തർക്കങ്ങളും ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുന്നു. പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ: ശേഷിക്കുന്ന തൊഴിൽത്തർക്കങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു തൊഴിൽത്തർക്കമായ കളമശ്ശേരി പ്രീമിയർ ടയേഴ്സിലെ തർക്കം പരിഹരിക്കാതെ നീണ്ടുപോകുന്നതിനുള്ള കാരണം എന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പ്രീമിയർ ടയേഴ്സിലെ തൊഴിൽത്തർക്കത്തെപ്പറ്റി നിരവധി കൂടിയാലോചനകളും നടക്കുകയുണ്ടായി. ഒത്തുതീർപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. വീണ്ടുമൊരു കൂടിയാലോചന ഗവൺമെൻറ് നിലവാരത്തിൽ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. താമസിയാതെ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുമെന്നാണ് ഗവൺമെൻറു കരുതുന്നത്.

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly